**കേരള വനം വകുപ്പ്**

**കോട്ടൂർ ആന പുനരധിവാസ കേന്ദ്രം**

**(കിഫ്ബി പ്രോജക്ട് )**

**എസ്. പി. വി. 1 /2025** **തീയതി: 31-01-2025**

**<u>വിവിധ തസ്തികകകളിൽ കരാർ നിയമനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു.</u>**

**കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തെപ്പറ്റി.**

കേരളം വനം വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിനടുത്തുള്ള കാപ്പുകാട് വനമേഖലയിൽ 2007 മുതൽ പ്രവർത്തിച്ചു വരുന്ന ആന പുനരധിവാസ കേന്ദ്രം അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കുന്ന പദ്ധതി പൂർത്തിയായിട്ടുണ്ട്. 176 ഹെക്ടർ വനപ്രദേശത്ത് 105 കോടി രൂപ ചെലവിൽ കിഫ്ബി ധന സഹായത്തോടെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. കൂട്ടം തെറ്റി ജനവാസ മേഖലയോടടുത്ത വനമേഖലയിൽ അകപ്പെട്ടുപോകുന്ന കുട്ടിയാനകൾ, വനം വകുപ്പിന്റെ ആന ക്യാമ്പുകളിലെ പ്രായം ചെന്ന ആനകൾ, സ്ഥിരമായി നാട്ടിലിറങ്ങുന്നതുമൂലം മയക്കു വെടി വെച്ച് പിടിക്കുന്ന ആനകൾ, നിയമലംഘനത്തിന് പിടിച്ചെടുക്കുന്ന നാട്ടാനകൾ എന്നിവക്കുള്ള ഈ പരിപാലന കേന്ദ്രം 50 ആനകളെ വരെ പാർപ്പിക്കുന്നതിനുള്ള സൗകര്യം ഉൾപ്പെടുത്തിയാണ് നവീകരിച്ചിട്ടുള്ളത്. ആനകളെ അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ ചങ്ങലയില്ലാതെ പാർപ്പിക്കുകയാണ് ഈ കേന്ദ്രത്തിൽ ലക്ഷ്യമിടുന്നത്. ചെറിയ കുട്ടിയാനകളെ പരിചരിക്കുവാനുള്ള നഴ്സറി, കുട്ടിയാനകളെയും ഇടപ്രായക്കാരായ ആനകളെയും കൂട്ടമായി പാർപ്പിക്കുവാനുള്ള സൗകര്യം, മുതിർന്ന ആനകളെ ഒറ്റക്കും കൂട്ടമായും പാർപ്പിക്കുവാനുള്ള സ്ഥലങ്ങൾ, കാട്ടിൽ നിന്നും പിടിക്കുന്ന ആനകളെ പാർപ്പിക്കുവാനുള്ള ക്രാളുകൾ, മസ്തിലുള്ള ആനകളെ പാർപ്പിക്കുവാനുള്ള കൊട്ടിലുകൾ, ആധുനിക സൗകര്യങ്ങളുള്ള വെറ്റിനറി ആശുപതി, ആനകൾക്കുള്ള അടുക്കളയും ഊട്ടു സ്ഥലവും, നീരാടുവാനുള്ള കുളങ്ങൾ എന്നിവ ഈ കേന്ദ്രത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട് . പാപ്പാന്മാർ, വെറ്റിനറി ഓഫീസർമാർ, വിദ്യാർഥികൾ, വനം ഉദ്യോഗസ്ഥർ എന്നിവർക്കുള്ള പരിശീലന കേന്ദ്രവും ഹോസ്റ്റലുകളും, സന്ദർശകർക്കായി പാർക്കിംഗ് സൗകര്യം, റോഡുകൾ, കഫെറ്റീരിയ, ശൗചാലയം, പാർക്കുകൾ, അനമ്യൂസിയം എന്നിവയും ഈ കേന്ദ്രത്തിന്റെ ഭാഗമായി നിലവിൽ വരുന്നു. ഓഫീസ് ബ്ലോക്ക്, ക്വാർട്ടേഴ്സ്, ജല, വൈദ്യുതി വിതരണ ശൃംഖല എന്നിവയും പദ്ധതിയുടെ ഭാഗമായി

പൂർത്തീകരിച്ചിട്ടുണ്ട്. 2024 ഒക്ടോബർ മാസം 11നു കേന്ദ്രം ഔദ്യോഗികമായി കമ്മീഷൻ ചെയ്തു പ്രവർത്തനം ആരംഭിച്ചു..

കേന്ദ്രം പ്രവർത്തനമാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ, ഓഫീസ്, ഗാർഡനുകൾ, ആനപരിപാലനം എന്നിവയുമായി ബന്ധപ്പെട്ട കരാർ നിയമനങ്ങൾ നടത്തുന്നതിനാണ് ഈ പരസ്യം പ്രസിദ്ധപ്പെടുത്തുന്നത്.

**പൊതുവായ വിവരങ്ങൾ:**

1. ഓരോ തസ്തികക്കുമുള്ള വിദ്യാഭ്യാസ യോഗ്യതകൾ, മുൻ ജോലി പരിചയം, പ്രായപരിധി, കരാർ വേതനം, നിയമന കാലാവധി, ശാരീരിക യോഗ്യതകൾ, മെഡിക്കൽ സ്റ്റാൻഡേർഡ്സ്, അപേക്ഷ ഫോറം എന്നിവ പ്രത്യേകമായി ഈ പരസ്യത്തോടൊപ്പം ചേർത്തിട്ടുണ്ട്.
2. **തെരഞ്ഞെടുപ്പ് രീതി**. അപേക്ഷരിൽ പ്രാഥമികമായി എല്ലാ യോഗ്യതകളും ഉള്ളവരുടെ ചുരുക്കപട്ടിക തയാറാക്കും. ഇവരിൽ നിന്നും അഭിമുഖത്തിന്റെ യും പ്രാക്ടിക്കൽ ടെസ്റ്റ് ആവശ്യമുള്ള തസ്തികകളിൽ ആയതിന്റെയും അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയാറാക്കി പ്രസിദ്ധപ്പെടുത്തും. ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തും.
3. **മെഡിക്കൽ സർട്ടിഫിക്കറ്റുകൾ** : മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ, കാഴ്ച ശക്തി സർട്ടിഫിക്കറ്റുകൾ എന്നിവ ആവശ്യമായ തസ്തികകകളിൽ മേൽ സർട്ടിഫിക്കറ്റുകൾ നിയമന സമയത്തു മാത്രം ഹാജരാക്കിയാൽ മതിയാകും.
4. **അപേക്ഷ സമർപ്പിക്കേണ്ട വിധം** : ഓരോ തസ്തികക്കുമുള്ള അപേക്ഷ ഫോറം ഈ പരസ്യത്തിന്റെ അനുബന്ധമായി .കേരള വനം വകുപ്പിന്റെ www.forest.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ വിവരം പത്ര മാധ്യമത്തിലൂടെ അറിയിച്ചിട്ടുണ്ട്. വെബ്സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യുന്ന അപേക്ഷ പൂരിപ്പിച്ചു ഫോട്ടോ, സ്വയം സാക്ഷ്യപ്പെടുത്തിയ അനുബന്ധ രേഖകൾ എന്നിവ സഹിതം കവറിലിട്ടു താഴെപ്പറയുന്ന അഡ്ഡ്രസ്സിൽ അയക്കണം. അപേക്ഷകൾ നേരിട്ടും errckottoor@gmail.com എന്ന ഇ-മെയിലിലും സ്വീകരിക്കുന്നതാണ്. സർട്ടിഫിക്കറ്റുകളുടെ അസ്സൽ അഭിമുഖ സമയത്തു ഹാജരാക്കണം.

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്
ഫോറെസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
വഴുതക്കാട് പി.ഓ.
തിരുവനന്തപുരം 695 014
കേരളം.

E-mail:errckottoor@gmail.com

5. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: 14-02-2025** വൈകുന്നേരം 5 മണിവരെ യാണ് എല്ലാ തസ്തികക്കുമുള്ള അവസാന സമയം. താമസിച്ചു ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണ വശാലും സ്വീകരിക്കുന്നതല്ല.

**കാറ്റഗറി 1**

**ഇലക്ട്രിക്കൽ സൂപ്പർവൈസർ**

**1.1. യോഗ്യതകൾ:**

1. വിദ്യാഭ്യാസ യോഗ്യത : കേരള സർക്കാർ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഇലക്ട്രിക്കൽ എൻജിനീയറിങ്ങിൽ മൂന്ന് വർഷ പൂർണ സമയ പഠനം വഴി നൽകുന്ന ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

2. മറ്റു യോഗ്യതകൾ : (1). കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകൾ, കേന്ദ്ര/സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, കേന്ദ്ര/സംസ്ഥാന സ്വയംഭരണ സ്ഥാപനങ്ങൾ ഏതിൽ നിന്നെങ്കിലും ഇലക്ട്രിക്കൽ സൂപ്പർവൈസർ/ തത്തുല്യമായ ജോലിയിൽ ഒരു വർഷത്തിൽ കുറയാത്ത ജോലി പരിചയം.

(2). കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകൾ, കേന്ദ്ര/സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, കേന്ദ്ര/സംസ്ഥാന സ്വയംഭരണ സ്ഥാപനങ്ങൾ ഏതിൽ നിന്നെങ്കിലും 500 കെ.വി.എ.യിൽ കുറയാത്ത ഹൈ ടെൻഷൻ നിലയത്തിലെ പ്രവൃത്തി പരിചയം അഭികാമ്യം.

1.2.**പ്രായം**: അപേക്ഷകർ 2025 ജനുവരി 1 നു 50 വയസ്സ് കഴിയാത്തവരായിരിക്കണം. ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കുന്നതല്ല.

1.3..**ഒഴിവുകൾ** : 1 (ഒന്ന്)

1.4. **വേതനവും നിയമന കാലാവധിയും** : കരാർ അടിസ്ഥാനത്തിൽ 1 വർഷത്തേക്കാണ് നിയമനം. പ്രതിമാസ കരാർ വേതനം 22,290 രൂപയായിരിക്കും. .

**കാറ്റഗറി 2**

**ജൂനിയർ അസിസ്റ്റന്റ് (അക്കൗണ്ട്സ്)**

**2.1. യോഗ്യതകൾ:**

1. വിദ്യാഭ്യാസ യോഗ്യത : ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും കോമേഴ്‌സ് വിഷയത്തിൽ ലഭിച്ചിട്ടുള്ള ബിരുദമോ തത്തുല്യമായ മറ്റു യോഗ്യതയോ

2. സംസ്ഥാന/കേന്ദ്ര സർക്കാരുകളുടെ അംഗീകാരമുള്ള ഒരു സ്ഥാപനത്തിൽ നിന്നും എം. എസ്. ഓഫീസിൽ (M.S. Office) ലഭിച്ചിട്ടുള്ള ഡിപ്ലോമ അല്ലെങ്കിൽ സർട്ടിഫിക്കറ്റ് .

.

2.2.**പ്രായം**: അപേക്ഷകർ 2025 ജനുവരി 1 നു 36 വയസ്സ് കഴിയാത്തവരായിരിക്കണം. ഉയർന്ന പ്രായപരിധിയിൽ അനുവദനീയമായ ഇളവുകൾ ലഭിക്കുന്നതാണ്..

2.3. **ഒഴിവുകൾ** : 1. (ഒന്ന്)

2.4. **വേതനവും നിയമന കാലാവധിയും** : കരാർ അടിസ്ഥാനത്തിൽ 1 വർഷത്തേക്കാണ് നിയമനം. പ്രതിമാസ കരാർ വേതനം 21,175/- രൂപയായിരിക്കും.

## കാറ്റഗറി 3

## ഗാർഡനർ

**3.1. യോഗ്യതകൾ:**

1. വിദ്യാഭ്യാസ യോഗ്യത: ഏഴാം ക്ലാസ് പാസ്സായിരിക്കണം; ഡിഗ്രി ഉണ്ടായിരിക്കുവാൻ പാടില്ല.

2. മറ്റു യോഗ്യതകൾ : (1). കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകൾ, കേന്ദ്ര/സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, കേന്ദ്ര/സംസ്ഥാന സ്വയംഭരണ സ്ഥാപനങ്ങൾ ഏതിൽ നിന്നെങ്കിലും ഗാർഡനർ ജോലിയിൽ മൂന്നു വർഷത്തിൽ കുറയാത്ത ജോലി പരിചയം.

3.2.**പ്രായം**: അപേക്ഷകർ 2025 ജനുവരി 1 നു 60 വയസ്സ് കഴിയാത്തവരായിരിക്കണം. ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കുന്നതല്ല.

3.3.**ഒഴിവുകൾ** : 1. (ഒന്ന്

3.4. **വേതനവും നിയമന കാലാവധിയും** : കരാർ അടിസ്ഥാനത്തിൽ 1 വർഷത്തേക്കാണ് നിയമനം. പ്രതിമാസ കരാർ വേതനം 18390/- രൂപയായിരിക്കും.

.

## കാറ്റഗറി 4

## അസിസ്റ്റന്റ് മഹോട്ട് (ആന പാപ്പാൻ)

**9.1. യോഗ്യതകൾ:**

1. വിദ്യാഭ്യാസ യോഗ്യത : ഏഴാം ക്ലാസ് പാസ്സായിരിക്കണം; ഡിഗ്രി ഉണ്ടായിരിക്കുവാൻ പാടില്ല...

2. (1). വനം വകുപ്പിലൊ, വനം വകുപ്പിൽ നിന്നും ലഭിച്ച ഉടമസ്ഥ സർട്ടിഫിക്കറ്റുള്ള ആന ഉടമസ്ഥരുടെ കീഴിലോ ആന പാപ്പാൻ/കാവടി എന്നീ ജോലികളിലുള്ള പരിചയം അഭികാമ്യം.

(2). ശാരീരിക അളവുകൾ: കുറഞ്ഞത് 163 സെന്റി മീറ്റർ പൊക്കവും 81 സെന്റിമീറ്റർ നെഞ്ചളവും ശ്വാസം പിടിക്കുമ്പോൾ നെഞ്ചളവിൽ 5 സെന്റിമീറ്റർ വികാസവും ഉണ്ടാകണം. പട്ടിക ജാതി/പട്ടിക വർഗ വിഭാഗങ്ങൾക്ക് പൊക്കത്തിൽ 5 സെന്റി മീറ്ററും നെഞ്ചളവിൽ 2.5 സെന്റിമീറ്ററും ഇളവ് അനുവദിക്കും. എന്നാൽ നെഞ്ചളവിലുള്ള 5 സെന്റിമീറ്റർ വികാസം ഉണ്ടായിരിക്കണം.

(3). അപേക്ഷകന് താഴെപ്പറയുന്ന മെഡിക്കൽ സ്റ്റാൻഡേർഡ്സ് ഉണ്ടായിരിക്കണം.

(i). ചെവി : കുറ്റമറ്റ കേഴ്‌വി ശക്തി ഉണ്ടായിരിക്കണം.

(ii). കണ്ണുകൾ:

ദൂരക്കാഴ്ച - 6/6 സ്നേല്ലൻ (snellen) :

സമീപകാഴ്ച – 0.5 സ്നേല്ലൻ (snellen)

കളർ വിഷൻ - നോർമൽ

നിശാന്ധത (night blindness) - ഉണ്ടാകരുത്.

(iii). പേശികളും സന്ധികളും : പക്ഷാഘാതം ( paralysis) ഉണ്ടാകരുത്. സന്ധികൾ യഥേഷ്ടം ചലിപ്പിക്കുവാൻ കഴിയണം.

(iv) നാഡീ വ്യൂഹം(nervous system) : പൂർണമായും കുറ്റമറ്റതാകണം; പകർച്ച വ്യാധി മുക്തമാകണം.

സർക്കാർ സർവീസിലെ അസിസ്റ്റന്റ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകിയ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റും, കണ്ണ് ഡോക്ടർ നൽകിയ കാഴ്ചശക്തി സർട്ടിഫിക്കറ്റും ജോലിയിൽ പ്രവേശിക്കുന്ന സമയം ഹാജരാക്കണം.

9.2. .**പ്രായം**: അപേക്ഷകർ 2025 ജനുവരി 1 നു 40 വയസ്സ് കഴിയാത്തവരായിരിക്കണം. ഉയർന്ന പ്രായപരിധിയിൽ അനുവദനീയമായ ഇളവ് ലഭിക്കുന്നതാണ്.

9.3. **ഒഴിവുകൾ** : 4 (നാല്)

9.4. **വേതനവും നിയമന കാലാവധിയും** : കരാർ അടിസ്ഥാനത്തിൽ 1 വർഷത്തേക്കാണ് നിയമനം. പ്രതിമാസ കരാർ വേതനം 18,390/- രൂപയായിരിക്കും.

(ഒപ്പ്)

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് &

ആന പുനരധിവാസകേന്ദ്രം പ്രോജക്ട് എസ്.പി.വി.യുടെ സി.ഇ.ഓ

അനുബന്ധം

വിവിധ തസ്തികകൾക്കുള്ള അപേക്ഷ ഫോറം

**ആന പുനരധിവാസകേന്ദ്രം, കോട്ടൂർ**

## കാറ്റഗറി 1

**<u>ഇലക്ട്രിക്കൽ സൂപ്പർവൈസറെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷാഫാറം</u>.**

അടുത്ത കാലത്തെടുത്ത കളർ ഫോട്ടോ

| | | | | |
|---|---|---|---|---|
| 1 | അപേക്ഷകൻ്റെ പേര് | | | |
| 2 | അഡ്രസ് | | | |
| 3 | സ്ഥിരമായി താമസിക്കുന്ന ജില്ല | | | |
| 4 | മൊബൈൽ നമ്പർ | | | |
| 5 | ഇ മെയിൽ ഐ ഡി (ഉണ്ടെങ്കിൽ) | | | |
| 6 | ജനന തീയതിയും 01-01-2025-ലെ പ്രായവും | | | |
| 7 | വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച വിവരങ്ങൾ | | | |
| | യോഗ്യത | പഠിച്ച സ്ഥാപനം | പാസ്സായ വർഷം | ലഭിച്ച മാർക്ക് ശതമാനം |
| 7.1 | എസ്.എസ്.എൽ.സി | | | |
| 7.2 | ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ | | | |
| 7.3 | മറ്റു വിദ്യാഭ്യാസ യോഗ്യതകൾ | | | |
| 8 | ജോലി പരിചയം സംബന്ധിച്ച വിവരങ്ങൾ | | | |
| ക്രമ നമ്പർ | ജോലി ചെയ്ത തസ്തികയുടെ പേര് | ജോലി ചെയ്ത സ്ഥാപനം | ജോലിക്കു ചേർന്ന തീയതി | ജോലി അവസാനിപ്പിച്ച തീയതി |
| 8.1 | | | | |

| | | | | |
|---|---|---|---|---|
| | | | | |
| 8.2 | | | | |
| 8.3 | | | | |
| 8.4 | | | | |
| 9 | 500 കെ.വി.എ.യിൽ കുറയാത്ത എച് .ടി.നിലയത്തിൽ ജോലി ചെയ്തിട്ടുടെങ്കിൽ വിശദാംശങ്ങൾ | | | |
| 10 | ഇപ്പോൾ ചെയ്യുന്ന ജോലിയുടെ വിശദാംശങ്ങൾ | | | |

*നോട്ട്: 1. ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തണം.*

*2. ജോലി പരിചയം സംബന്ധിച്ചു ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ അപേക്ഷയോടൊപ്പം ചേർക്കണം*

## *സത്യപ്രസ്താവന*

ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകൾ എന്റെ അറിവിലും ബോധ്യത്തിലും ശരിയാണെന്നും ഈ നിയമനത്തിന് അപേക്ഷിക്കുവാനുള്ള യോഗ്യത എനിക്കുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷകന്റെ ഒപ്പ്

തീയതി.

**ആന പുനരധിവാസകേന്ദ്രം, കോട്ടൂർ**

## കാറ്റഗറി 2

**ജൂനിയർ അസിസ്റ്റന്റ് (അക്കൗണ്ട്സ്)**

**തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷാഫാറം.**

അടുത്ത കാലത്തെടുത്ത കളർ ഫോട്ടോ

| | | | | |
|---|---|---|---|---|
| 1 | അപേക്ഷകന്റെ പേര് | | | |
| 2 | അഡ്രസ് | | | |
| 3 | സ്ഥിരമായി താമസിക്കുന്ന ജില്ല | | | |
| 4 | മൊബൈൽ നമ്പർ | | | |
| 5 | ഇ മെയിൽ ഐ ഡി (ഉണ്ടെങ്കിൽ) | | | |
| 6 | ജനന തീയതിയും 01-01-2025-ലെ പ്രായവും | | | |
| 7 | വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച വിവരങ്ങൾ | | | |
| | യോഗ്യത | പഠിച്ച സ്ഥാപനം | പാസ്സായ വർഷം | ലഭിച്ച മാർക്ക് ശതമാനം |
| 7.1 | എസ്.എസ്.എൽ.സി | | | |
| 7.2 | ബിരുദം (കോമേഴ്സ്) /തത്തുല്യ ബിരുദം) | | | |
| 7.3 | മറ്റു വിദ്യാഭ്യാസ യോഗ്യതകൾ (ഉണ്ടെങ്കിൽ) | | | |
| 8 | ഇപ്പോൾ ചെയ്യുന്ന ജോലിയുടെ വിശദാംശങ്ങൾ | | | |

| | | |
|---|---|---|
| | (ഉണ്ടെങ്കിൽ) | |

*നോട്ട്: 1. ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തണം.*

*2. ജോലി പരിചയം സംബന്ധിച്ചു ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ അപേക്ഷയോടൊപ്പം ചേർക്കണം (ഉണ്ടെങ്കിൽ)*

## സത്യപ്രസ്താവന

ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകൾ എന്റെ അറിവിലും ബോധ്യത്തിലും ശരിയാണെന്നും ഈ നിയമനത്തിന് അപേക്ഷിക്കുവാനുള്ള യോഗ്യത എനിക്കുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷകന്റെ ഒപ്പ്

തീയതി.

**ആന പുനരധിവാസകേന്ദ്രം, കോട്ടൂർ**

## കാറ്റഗറി 3

**ഗാർഡനർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷാഫാറം.**

അടുത്ത കാലത്തെടുത്ത കളർ ഫോട്ടോ

| | | | | |
|---|---|---|---|---|
| 1 | അപേക്ഷകന്റെ പേര് | | | |
| 2 | അഡ്രസ് | | | |
| 3 | സ്ഥിരമായി താമസിക്കുന്ന ജില്ല | | | |
| 4 | മൊബൈൽ നമ്പർ | | | |
| 5 | ഇ മെയിൽ ഐ ഡി (ഉണ്ടെങ്കിൽ) | | | |
| 6 | ജനന തീയതിയും 01-01-2025-ലെ പ്രായവും | | | |
| 7 | വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച വിവരങ്ങൾ | | | |
| | യോഗ്യത | പഠിച്ച സ്ഥാപനം | പാസ്സായ വർഷം | ലഭിച്ച മാർക്ക് ശതമാനം |
| 7.1 | സ്റ്റാൻഡേർഡ് ഏഴു പാസായത് സംബന്ധിച്ച് | | | |
| 7.2 | മറ്റു വിദ്യാഭ്യാസ യോഗ്യതകൾ | | | |
| 8 | ജോലി പരിചയം സംബന്ധിച്ച വിവരങ്ങൾ | | | |
| | ജോലി ചെയ്ത തസ്തികയുടെ പേര് | ജോലി ചെയ്ത സ്ഥാപനം | ജോലിക്കു ചേർന്ന തീയതി | ജോലി അവസാനിപ്പിച്ച തീയതി |
| 8.1 | | | | |

| | | | | |
|---|---|---|---|---|
| | | | | |
| 8.2 | | | | |
| 8.3 | | | | |
| 8.4 | | | | |
| 9 | ഇപ്പോൾ ചെയ്യുന്ന ജോലിയുടെ വിശദാംശങ്ങൾ | | | |

*നോട്ട്: 1. ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തണം.*

*2. ജോലി പരിചയം സംബന്ധിച്ചു ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ അപേക്ഷയോടൊപ്പം ചേർക്കണം*

## *സത്യപ്രസ്താവന*

ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകൾ എന്റെ അറിവിലും ബോധ്യത്തിലും ശരിയാണെന്നും ഈ നിയമനത്തിന് അപേക്ഷിക്കുവാനുള്ള യോഗ്യത എനിക്കുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷകന്റെ ഒപ്പ്

തീയതി.

**ആന പുനരധിവാസകേന്ദ്രം, കോട്ടൂർ**

## കാറ്റഗറി 4

**<u>അസിസ്റ്റൻറ് ആനപാപ്പാൻ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷാഫാറം</u>.**

അടുത്ത കാലത്തെടുത്ത കളർ ഫോട്ടോ

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര് | |
| 2 | അഡ്രസ് | |
| 3 | സ്ഥിരമായി താമസിക്കുന്ന ജില്ല | |
| 4 | മൊബൈൽ നമ്പർ | |
| 5 | ഇ മെയിൽ ഐ ഡി (ഉണ്ടെങ്കിൽ) | |
| 6 | ജനന തീയതിയും 01-01-2025-ലെ പ്രായവും | |
| 7 | വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച വിവരങ്ങൾ | |

| | യോഗ്യത | പഠിച്ച സ്ഥാപനം | പാസ്സായ വർഷം | ലഭിച്ച മാർക്ക് ശതമാനം |
|---|---|---|---|---|
| 7.1 | സ്റ്റാൻഡേർഡ് ഏഴു പാസായത് സംബന്ധിച്ച് | | | |
| 7.2 | മറ്റു വിദ്യാഭ്യാസ യോഗ്യതകൾ | | | |

| | | | | | |
|---|---|---|---|---|---|
| 8 | ജോലി പരിചയം സംബന്ധിച്ച വിവരങ്ങൾ | | | | |
| | ജോലി ചെയ്ത തസ്തികയുടെ പേര് | ജോലി ചെയ്ത സ്ഥാപനം/ ആനയുടമയുടെ പേര് | ആന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നമ്പർ | ജോലിക്കു ചേർന്ന തീയതി | ജോലി അവസാനിപ്പിച്ച തീയതി |

| | | | | | |
|---|---|---|---|---|---|
| 8.1 | | | | | |
| 8.2 | | | | | |
| 8.3 | | | | | |
| 9 | ഇപ്പോൾ ചെയ്യുന്ന ജോലിയുടെ വിശദാംശങ്ങൾ | | | | |

*നോട്ട്: 1. ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തണം.*

*2. ജോലി പരിചയം സംബന്ധിച്ചു ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും / ആനയുടമയിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ അപേക്ഷയോടൊപ്പം ചേർക്കണം*

## ***സത്യപ്രസ്താവന***

ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകൾ എന്റെ അറിവിലും ബോധ്യത്തിലും ശരിയാണെന്നും ഈ നിയമനത്തിന് അപേക്ഷിക്കുവാനുള്ള യോഗ്യത എനിക്കുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷകന്റെ ഒപ്പ്

തീയതി.